സ്ഥാപനങ്ങൾവഴി പ്രത്യേക ലോൺ സൗകര്യം ഏർപ്പെടുത്തുമെന്നെല്ലാം അന്നു പറഞ്ഞിരുന്നു. പക്ഷേ ഇന്നും ആ പദ്ധതികൾ എങ്ങും എത്താതെ നിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽതന്നെ 600-ൽ അധികം ആളുകൾ ഇതിൽ അംഗങ്ങളായിട്ടുണ്ട്. അതുകൊണ്ട് ഈ പദ്ധതി പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ എന്നാണ് എനിക്ക് അറിയാനുള്ളത്.

കൃഷിയും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (*ശ്രീ. അടൂർ പ്രകാശ്*) : സർ, കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി ആരംഭിച്ചത് 1995 ലാണ്. ഒരുലക്ഷത്തോളം യുവജനങ്ങൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. നിലവിലുള്ള പദ്ധതി അതേപടി നടപ്പിലാക്കുകയാണെങ്കിൽ സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നു മനസിലാക്കിയതിനാൽ ഈ പദ്ധതി നവീകരിക്കുന്നതിനുവേണ്ടി നബാർഡിന്റെ കീഴിലുള്ള 'നാപ്കോൺ'സിനെ കൺസൾട്ടന്റായി നിയമിക്കുകയും അവർ പ്രാഥമിക റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിനെക്കുറിച്ച് ഗവൺമെന്റ് തലത്തിൽ ചർച്ച നടത്തുകയും ചില ഭേദഗതികളോടെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ റിപ്പോർട്ടിനെ സംബന്ധിച്ച് ഗവൺമെന്റ് തലത്തിലുള്ള ചർച്ച ഏപ്രിൽ മാസം 14-ാം തീയതി നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ പദ്ധതിയിൽ അംഗങ്ങളായിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് 25,000 രൂപ വീതം നൽകുന്നുണ്ട്. കൂടാതെ ഈ പദ്ധതിയിൽ അംഗങ്ങളായിരുന്നവരെ ഉൾപ്പെടുത്തി ഈ വർഷം 10,000 ഹെക്ടർ തരിശു ഭൂമി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(24) വികലാംഗരും ബുദ്ധിമാന്ദ്യം സംഭവിച്ചവരുമായ കുട്ടികളുടെ സ്പെഷ്യൽ സ്കൂളുകൾ

ശ്രീ. തോമസ് ചാഴികാടൻ : സർ, നേരത്തേ ബഹുമാനപ്പെട്ട എം. മുരളി ഇവിടെ അവതരിപ്പിച്ച സബ്മിഷന് സമാനമായ ഒരു സബ്മിഷനാണ് എന്റേത്. പക്ഷേ ആവശ്യം കുറച്ച് വ്യത്യസ്തമാണ്. ഭരണഘടനയനുസരിച്ച് 14 വയസു വരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്. എന്നാൽ ബുദ്ധിമാന്ദ്യം സംഭവിച്ചവരും വികലാംഗരുമായ കുട്ടികളുടെ കാര്യത്തിൽ സർക്കാർ ഈ ഉത്തരവാദിത്വം നിറവേറ്റുന്നില്ല എന്ന ദുഃഖകരമായ അവസ്ഥ ഇന്നും നിലനിൽക്കുകയാണ്. ഇന്ന് വികലാംഗരും ബുദ്ധിമാന്ദ്യം സംഭവിച്ചവരുമായ കുട്ടികളെ പഠിപ്പിക്കുന്നതും സ്പെഷ്യൽ സ്കൂളുകൾ നടത്തുന്നതും ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ചില സംഘടനകൾ മാത്രമാണ്. വളരെ ചുരുക്കം സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളുമുണ്ട്. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകൾക്ക് ലഭിക്കുന്നത് കേന്ദ്ര സർക്കാരിൽ നിന്നു കിട്ടുന്ന തുച്ഛമായ ഗ്രാന്റ് മാത്രമാണ്. കേരള എഡ്യൂക്കേഷൻ റൂളിൽ സ്പെഷ്യൽ സ്കൂളിന്റെ ആവശ്യകതയെപ്പറ്റി പറയുന്നുണ്ടെങ്കിലും അതു തുടങ്ങുന്നതു സംബന്ധിച്ച് യാതൊരു നടപടിയും ആരംഭിച്ചിട്ടില്ല. ഇത്തരം സ്കൂളുകളെ സംബന്ധിച്ച് ഒരു പൊതുവായ നയം രൂപീകരിക്കുന്നതിന് സർക്കാരിന് ഇതുവരെ സാധിച്ചിട്ടില്ല. വിദ്യാഭ്യാസ വകുപ്പിന്റെ 31-3-1999-ലെ ഉത്തരവുപ്രകാരം ഈ സ്പെഷ്യൽ സ്കൂളുകൾക്ക് അഗീകാരം നൽകുന്നതിനു ഡി. പി. ഐ.-യെ അധികാരപ്പെടുത്തി. അതിൻപ്രകാരം 105 സ്കൂളുകളെ അംഗീകരിച്ചു എന്നാൽ അതിനുശേഷം വിദ്യാഭ്യാസ വകുപ്പിൽ നിന്നും അധികാരം സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന് കൈമാറുകയാണുണ്ടായത്. ഈ രംഗത്തെ വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 17-1-2004-ലെ വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചു. സ്പെഷ്യൽ സ്കൂളുകൾക്ക് സ്റ്റാഫ് പാറ്റേൺ അനുവദിക്കുക, യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുക, ടീച്ചർ വിദ്യാർത്ഥി അനുപാതം ക്രമീകരിക്കുക, ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുക, സർക്കാരിൽ നിന്നു ആവശ്യമായ ധനസഹായം അനുവദിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ഈ കമ്മിറ്റി മുന്നോട്ട് വച്ചിട്ടുള്ളത്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രത്യേകം സ്കൂളുകൾ ആരംഭിച്ച് അവരെ പഠിപ്പിച്ച് സമൂഹത്തിൽ മറ്റുള്ളവർക്ക് ഒപ്പം കൊണ്ടുവരാനുള്ള ബാദ്ധ്യത സർക്കാരിനുണ്ട്, സമൂഹത്തിനുണ്ട്. അതുകൊണ്ട് എന്റെ അഭ്യർത്ഥന സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നിന്നും ഈ സ്പെഷ്യൽ സ്കൂളുകളെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കൊണ്ടുവരികയും എല്ലാ സ്പെഷ്യൽ സകൂളുകളെയും സർക്കാർ എയ്ഡഡ് സ്കൂളുകളായി മാറ്റുകയും ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): സർ, വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്. ബഹുമാനപ്പെട്ട ചെയർ അടക്കം ഒരുപാട്പേർ താല്പര്യമെടുത്ത ഒരു വിഷയമാണ്. ഒന്നാമത്തെ പ്രശ്നം ഇപ്പോൾ പരിഹരിച്ചു കഴിഞ്ഞു. അതായത് മന്ദബുദ്ധികളായ കുട്ടികളുടെ സ്കൂളിന്റെ ഭരണനിയന്ത്രണം വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കൊണ്ടുവരാൻ ഓർഡർ ഇറക്കി. അതിപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലായി. അത് കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു. ഒരു നോഡൽ ഏജൻസിയായി വിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തി. ഇവരെപ്പറ്റി പഠിക്കുവാൻ വേണ്ടി ശ്രീമതി ബീന ചെയർപേഴ്സണായിട്ടുള്ള കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 165 സ്കൂളുകളുള്ളതിൽ 67 സ്കൂളുകൾക്ക് അംഗീകാരം കൊടുത്തിട്ടില്ല. ഞങ്ങൾ ഉടനെ അംഗീകാരം നൽകുന്നതാണ്. സാമ്പത്തിക കാര്യം

എനിക്ക് പറയാൻ ഒക്കുകയില്ല. അതു നോക്കിയിട്ടേ പറയാൻ പറ്റുകയുള്ളൂ. അംഗീകാരം കിട്ടാത്ത എം. ആർ. സ്കൂളുകളുടെ അംഗീകാരം കൊടുക്കുവാൻ നടപടി എടുക്കും. രണ്ടാമത്തെ പോയിന്റ് അങ്ങനെ സെറ്റിൽ ചെയ്യാം. പിന്നെ സ്പെഷ്യൽ സ്കൂളുകളെ സംബന്ധിച്ചിടത്തോളം 43 സ്പെഷ്യൽ സ്കൂളുകളുണ്ട്. ഗവണ്മെന്റ് മേഖലയിൽ 7 സ്പെഷ്യൽ സ്കൂളുകളുണ്ട്. ആ 7 സ്പെഷ്യൽ സ്കൂളിലും എസ്. എസ്. എ.-യുടേയും ഐ.ഇ.ഡി.-യുടേയും ഫണ്ടുപയോഗിച്ച് ആവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അവർ അത് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ആ കാര്യം ഉടനെ ചെയ്യുന്നതാണ്. മറ്റ് സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകി എയ്ഡഡ് ആക്കി മാറ്റണമെന്നുള്ള നിർദ്ദേശം നിലവിലുണ്ട്. പക്ഷേ അതിനെ സംബന്ധിച്ചും സാമ്പത്തിക സ്ഥിതി മെച്ചപ്പെടാതെ പറയാൻ കഴിയുകയില്ല. ഇതെല്ലാം ഞാൻ ഡിമാന്റിന്റെ സമയത്ത് ഇവിടെ പറഞ്ഞതാണ്. ഗവണ്മെന്റിന്റെ ഫസ്റ്റ് പ്രയോറിറ്റി എന്നു പറയുന്നത് സ്പെഷ്യൽ സ്കൂളുകളാണ്. ആ മേഖലയിൽ എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതിന്റെ പരമാവധി ചെയ്യുന്നതാണ്.

(25) ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിൽ വെള്ളം ലഭിക്കാത്ത അവസ്ഥ

ശ്രീ. പി. ജെ. ജോയി: സർ, ജനറേറ്ററുകൾക്ക് ആനുവൽ മെയിന്റനൻസ് നടത്താത്തതുകൊണ്ട് ഷോളയാർ, പെരിങ്ങൽക്കുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. എറണാകുളം ജില്ലയിലെ അങ്കമാലി, വടക്കേക്കര, തൃശൂർ ജില്ലയിലെ ചാലക്കുടി, മാള, കൊടകര, ഇരിങ്ങാലക്കുട നിയോജകമണ്ഡലങ്ങളിൽ ജലസേചനത്തിനും കുടിവെള്ളത്തിനും സൗകര്യപ്പെടുത്തുന്ന ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിലേക്ക് വെള്ളം ലഭ്യമല്ലാത്ത ഗുരുതരമായ സാഹചര്യം നിലനിൽക്കുകയാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പലപ്പോഴും വൈദ്യുതി ഉൽപാദിപ്പിക്കാതെ തന്നെ വെള്ളം വിട്ടുകൊടുക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് കാലഘട്ടങ്ങളെ അപേക്ഷിച്ച് ഇത്തവണ ഷോളയാർ പ്രോജക്ടിൽ തമിഴ്നാട്ടിൽനിന്നും വെള്ളം ലഭിച്ചു. 2663 അടി വെള്ളം അവിടെ നിലനിർത്താൻ കഴിഞ്ഞു എന്നുള്ള വസ്തുത ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിതന്നെ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ആ സാഹചര്യത്തിൽ ഷോളയാറിൽ നിന്ന് 25 എം.സി.എം. വെള്ളം എങ്കിലും പെരിങ്ങൽകുത്തിലേക്ക് വിട്ടുകൊടുത്തില്ലെങ്കിൽ ആ മേഖലയിലെ കൃഷി മുഴുവൻ നശിക്കും. കൃഷി നശിച്ചു കഴിഞ്ഞിട്ട് പറഞ്ഞിട്ടു കാര്യമില്ല. കുറേ നാൾ കഴിയുമ്പോൾ എന്തായാലും മഴ കിട്ടുമെന്നുള്ള പ്രതീക്ഷയിൽ 25 എം.സി.എം. വെള്ളം പെരിങ്ങൽകുത്തിലേക്ക് വിട്ടുകൊടുക്കാൻ ബഹുമാനപ്പെട്ട വിദ്യുത്ശക്തി വകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly